# പതിനാലാം കേരള നിയമസഭ

# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1048 — 25/01/2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. ഡിസ്പെൻസറികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഈയിടെ സംസ്ഥാന സർക്കാർ അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) യും | 15.09.2017 ലെ സ.ഉ(കൈ)നം.75/17/തൊഴിൽ പ്രകാരം സംസ്ഥാനത്ത് പുതിയതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും അതിന്റെ പ്രവർത്തനത്തിന് ആവശ്യമായ 162 സ്ഥിരം തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് ഇ.എസ്.ഐ കോർപ്പറേഷനാണ്. ഈ വിഷയം ഇ.എസ്.ഐ കോർപ്പറേഷന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ഡിസ്പെൻസറികളിലേക്കുള്ള തസ്തിക നിർണ്ണയം പൂർത്തിയായോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) യും | |
| (സി) | ഈ പട്ടികയിൽ ഉൾപ്പെട്ട ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനോടനുബന്ധിച്ച് ഓഫീസ് സാധന സാമഗ്രികൾ വാങ്ങുന്നതിനായി തുക നീക്കിവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | സംസ്ഥാന സർക്കാർ തുക നീക്കി വച്ചിട്ടില്ല. പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ആവശ്യമായ ഓഫീസ് സാധന സാമഗ്രികൾ വാങ്ങുന്നത് ഇ.എസ്.ഐ കോർപ്പറേഷൻ അനുവദിക്കുന്ന ഫണ്ടിൽ നിന്നാണ്. |

സെക്ഷൻ ഓഫീസർ